(ഡി) ഇല്ല. സംസ്ഥാനത്തുനിന്നും രോഗം സംശയിച്ച രണ്ട് പേരുടെ രക്ത സാമ്പിളുകൾ ഡൽഹിയിൽ അയച്ച് പരിശോധിക്കുകയും ഫലം നെഗറ്റീവ് ആണെന്ന് കണ്ടെത്തുകയും ചെയ്തു.

എബോള വൈറസ് രോഗ നിർണ്ണയം

13 (2564) ശ്രീ. എം. എ. ബേബി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എബോള വൈറസ് ബാധിതന്റെ സാന്നിദ്ധ്യം ഇന്ത്യയിൽ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സ്വീകരിച്ച മുൻകരുതൽ നടപടികൾ അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് എത്തുന്ന പ്രവാസികളും വിദേശികളും എബോള രോഗാണുവാഹകരല്ലെന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയ സജ്ജീകരണങ്ങൾ എന്തൊക്കെയാണ് ;

(സി) രോഗ നിർണ്ണയത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഉള്ളതെന്ന വിവരം ലഭ്യമാക്കാമോ ;

(ഡി) രോഗാണു വാഹകരെന്ന് സംശയിക്കുന്നവരെ നിരീക്ഷിക്കുന്നതിനും ഏകാന്തവാസത്തിനും എന്തൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) എബോള വൈറസ് രോഗം സംസ്ഥാനത്ത് വരാതിരിക്കുവാൻവേണ്ടി യാത്രക്കാരുടെ കർശനമായ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും കൂടാതെ ഇറമുഖങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. യാത്രക്കാർക്ക് തെർമൽ സ്കാനർ ഉപയോഗിച്ചുള്ള പരിശോധന നടത്തുന്നുണ്ട്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരുടെ വിവരങ്ങൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർ മാർക്ക് കൈമാറി ഇവരെ 30 ദിവസത്തെ നിരീക്ഷണത്തിന് വിധേയരാക്കുന്നു. ഇവരുടെ ദിവസേനയുള്ള നിരീക്ഷണ റിപ്പോർട്ടുകൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് അയയ്ക്കുന്നു. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) രോഗബാധിതരായുള്ള പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും വരുന്ന യാത്രക്കാരെ മാത്രമേ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുള്ളൂ എന്നതാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശം. അത് അനുസരിച്ചുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) രോഗം സംശയിക്കുന്ന ആളിന്റെ രക്തസാമ്പിളുകൾ ശേഖരിച്ച് എൻ.സി.ഡി.സി. (നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ) ഡൽഹിയിലോ, എൻ.ഐ.വി. (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി) പൂനയിലോ അയച്ച് പരിശോധിക്കുകയാണ് ചെയ്യുന്നത്.

(ഡി) രോഗാണു വാഹകരെന്ന് സംശയിക്കുന്നവരെ നിരീക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനുംവേണ്ടി ജനറൽ ആശുപത്രി, തിരുവനന്തപുരം, ജനറൽ ആശുപത്രി, എറണാകുളം, ജനറൽ ആശുപത്രി കോഴിക്കോട് എന്നീ ആശുപത്രികളിൽ പ്രത്യേക ഐസൊലേഷൻ വാർഡുകൾ ക്രമീകരിച്ചു. തീവ്രപരിചരണം ആവശ്യമുള്ള രോഗികൾക്കുവേണ്ടി മെഡിക്കൽ കോളേജ്, തിരുവനന്തപുരം, മെഡിക്കൽ കോളേജ്, കോട്ടയം, മെഡിക്കൽ കോളേജ്, കോഴിക്കോട് എന്നീ ആശുപത്രികളിൽ ഐ.സി.യു. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എബോള കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക പരിശീലനം നൽകിയ ആർ.ആർ.ടി. (റാപിഡ് റെസ്പോൺസ് ടീം) അംഗങ്ങളേയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്ന് പ്രത്യേക പരിശീലനം ലഭിച്ച പത്തംഗ സംഘത്തേയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ചികിത്സകൾക്ക് ആവശ്യമായ പ്രത്യേക വ്യക്തിഗത സംരക്ഷണ സംവിധാനം (പി.പി.ഇ.) കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ദിവസ വേതനക്കാരുടെ കരാർ നിയമനം

14 (2565) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) കരാർ വ്യവസ്ഥ പ്രകാരം എത്ര വർഷമായിരുന്നു കരാർ ജോലി കാലാവധി ; വ്യക്തമാക്കാമോ ; കരാർ കാലാവധി എത്ര പ്രാവശ്യം ദീർഘിപ്പിച്ച്